**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽ അച്ചൂരാനം വില്ലേജിൽ ഉൾപ്പെട്ട പൊഴുതന ഗ്രാമപഞ്ചായത്തിലെ പ്രളയത്തിൽ തകർന്ന കറിച്യർമല ഗവ.എൽ.പി.സ്കൂൾ പുനർനിർമ്മിക്കുന്നതിന് 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിയലും) ചട്ടങ്ങളിലെ 3, 4 ചട്ടങ്ങൾ പ്രകാരം ഭൂമി വാങ്ങുന്നതിന് പൊഴുതന ഗ്രാമപഞ്ചായത്തിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(കൈ) നം.223/2021/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 05/10/2021

---

പരാമർശം :- 1) 04/11/2020 -ലെ സ.ഉ.(കൈ) നം.170/2020/തസ്വഭവ.

2) 02/02/2021 ലെ സ.ഉ.(കൈ )നം.25/2021/തസ്വഭവ.

3) പൊഴുതന ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 04/06/2021 തീയതിയിലെ 5/1 നമ്പർ തീരുമാനം.

4) 28/06/2021 ലെ വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ WYD/27/2021-A6 നമ്പർ കത്ത്.

5) 26/08/2021 ലെ പഞ്ചായത്ത് ഡയറക്ടറുടെ PAN/7660/2021-C9 (DP) നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

വയനാട് ജില്ലയിലെ പൊഴുതന ഗ്രാമപഞ്ചായത്തിലെ 13-ാം വാർഡിൽ ഉൾപ്പെട്ടതും പ്രളയത്തിൽ തകർന്നതുമായ കറിച്യർമല ഗവ.എൽ.പി.സ്കൂൾ പുനർ നിർമ്മിക്കുന്നതിനായി ഭൂമി വാങ്ങൽ പദ്ധതി നടപ്പാക്കുന്നതിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി 58 ലക്ഷം രൂപ അനുവദിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം വയനാട് ജില്ല വിദ്യാഭ്യാസ ഓഫീസർ അനുയോജ്യമായ സ്ഥലം കണ്ടെത്തിയതിന് ശേഷം പരാമർശം (2) പ്രകാരം പ്രസ്തുത പ്രവർത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥയായി പൊഴുതന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ നിയമിച്ചു. ജില്ലാ വിദ്യാഭ്യാസ ഓഫീസർ മൂന്ന് വ്യക്തികളുടെ സ്ഥലങ്ങൾ പ്രസ്തുത ആവശ്യത്തിനായി കണ്ടെത്തി. ബ്ലോക്ക് നമ്പർ 022 ൽ പെട്ട സർവ്വേ നമ്പർ 70/41 ൽ ആരിഫ & മുനീർ, വടക്കേക്കണ്ടി വീട്, ആറാം മൈൽ, സർവ്വേ നമ്പർ 112/74, 70/114, 70/115 ൽ അബ്ദുൾ ഖാദർ ചോഴിയാട്ടിൽ, ആറാം മൈൽ, സർവ്വേ നമ്പർ 112/8/1 ൽ സാർത്തോ ജോസഫ് മൂലയിൽ വീട്, പള്ളിപ്പാട്, മലപ്പുറം എന്നിവരുടെ ഉടമസ്ഥതയിലുള്ള സ്ഥലമാണ് സ്കൂൾ പുനർനിർമ്മാണത്തിനായി ജില്ലാ വിദ്യാഭാസ ഓഫീസർ കണ്ടെത്തിയത്. ടി വ്യക്തികളുടെ സ്ഥലം സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനായി വാങ്ങുന്നതിനുള്ള സർക്കാർ അനുമതി ലഭിക്കുന്നതിനായി പരാമർശം (3) പ്രകാരം പഞ്ചായത്ത് ഭരണ സമിതി

തീരുമാനം എടുത്തിട്ടുള്ളതും ടി സ്ഥലം അനുയോജ്യമാണെന്ന് പരാമർശം (4) പ്രകാരം സാക്ഷ്യപെടുത്തി നൽകിയിട്ടുള്ളതുമാണ്.

പ്രളയത്തിൽ തകർന്ന കുറിച്യർമല ഗവ.എൽ.പി.സ്കൂൾ പുനർനിർമ്മിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള സ്ഥലം വിദ്യാർത്ഥികൾക്ക് എത്തിചേരുന്നതിന് സൗകര്യപ്രദമാണെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ സാക്ഷ്യപെടുത്തിയിട്ടുള്ളതായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽ അച്ചൂരാനം വില്ലേജിൽ ഉൾപ്പെട്ട പൊഴുതന ഗ്രാമപഞ്ചായത്തിലെ പ്രളയത്തിൽ തകർന്ന കുറിച്ചർമല ഗവ.എൽ.പി.സ്കൂൾ പുനർനിർമ്മിക്കുന്നതിന് ജില്ലാ വിദ്യാഭാസ ഓഫീസർ കണ്ടെത്തിയ ബ്ലോക്ക് നമ്പർ 022 ൽ പെട്ട സർവ്വേ നമ്പർ 70/41 ൽ ആരിഫ & മുനീർ, വടക്കേക്കണ്ടി വീട്, ആറാം മൈൽ, സർവ്വേ നമ്പർ 112/74, 70/114, 70/115 ൽ അബ്ദുൾ ഖാദർ ചോഴിയാട്ടിൽ വീട്, ആറാം മൈൽ, സർവ്വേ നമ്പർ 112/8-1 ൽ സാർത്തോ ജോസഫ്, മൂലയിൽ വീട്, പള്ളിപ്പാട്, മലപ്പുറം എന്നിവരുടെ ഉടമസ്ഥതയിലുള്ള ഭൂമി പരാമർശം (1) പ്രകാരം അനുവദിച്ച തുകയുപയോഗിച്ച് 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയൊഴിയലും) ചട്ടങ്ങളിലെ 3, 4 ചട്ടങ്ങൾ പ്രകാരം ഭൂമി വാങ്ങുന്നതിനായി പൊഴുതന ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, പൊഴുതന ഗ്രാമപഞ്ചായത്ത്, വയനാട്.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എൽ.ബി.എ & എ & ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
തദ്ദേശസ്വയംഭരണ(ഇ.ഡബ്ല്യൂ.ബി) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർ.സി1/178/2021/ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

Bindu

സെക്ഷൻ ഓഫീസർ